


ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച



## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# കണ്ടിട്ടും കാണാത്ത കാലാവസ്ഥാവ്യതിയാനം



എലിസബത്ത് സെബാസ്റ്റ്യൻ

10-ാം ക്ലാസ്
സെന്റ് മേരീസ്
ജി.എച്ച്.എസ്., പാലാ



ആഗോളതലത്തിൽ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് കാലാവസ്ഥാവ്യതിയാനം. അന്തരീക്ഷോഷ്മാവ് കൂടിക്കൊണ്ടിരിക്കുന്നുവെന്നതും കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും ഒരു യാഥാർഥ്യമാണ്. പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനു നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അന്തർദേശീയ-ദേശീയ - സംസ്ഥാനതലങ്ങളിൽ ഒട്ടേറെ ചർച്ചകൾ കാലാവസ്ഥാവ്യതിയാനത്തെപ്പറ്റി വർഷങ്ങളായി നടന്നുവരുന്നുണ്ട്. ശരിക്കും എന്താണീ കാലാവസ്ഥാവ്യതിയാനം? ലളിതമായിപ്പറഞ്ഞാൽ കാലാവസ്ഥയിൽ ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റമാണ് കാലാവസ്ഥാവ്യതിയാനം. ഇത് മനുഷ്യരെ മാത്രമല്ല, സർവജീവജാലങ്ങളെയും നമ്മുടെ കൃഷിയിടങ്ങളെയും ഭക്ഷണത്തെയും സമുദ്രത്തെയും ബാധിക്കുന്നു. ശക്തമായ ചൂടിനെ പ്രതിരോധിക്കാനാവാതെ പല ജീവികൾക്കും വംശനാശം സംഭവിച്ചുപോയിട്ടുണ്ട്. ഇന്ന് മാധ്യമങ്ങൾ കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ നമ്മളിൽ ചിലരെങ്കിലും ഇതൊന്നും തങ്ങളെ ബാധിക്കുന്ന പ്രശ്നമല്ലെന്ന മട്ടിലാണ് കഴിയുന്നത്. എന്നാൽ, ഇത് എന്നെങ്കിലും തങ്ങളെയും അതിലുപരിയായി വരുംതലമുറകളെയും ബാധിക്കുമെന്ന സത്യം അവർ മനസ്സിലാക്കുന്നില്ല.

പ്രകൃതിയിൽ സ്വമേധയാ ഉണ്ടാകുന്ന കാരണങ്ങളാലും കാലാവസ്ഥാവ്യതിയാനം ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും, ഭൂമിയിലെ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം അധികവും മനുഷ്യനിർമിതമായ കാരണങ്ങളാലാണെന്നാണ് 97% ശാസ്ത്രജ്ഞരും തങ്ങളുടെ പഠനങ്ങളിലൂടെ വ്യക്തമാക്കുന്നത്. ജലസ്രോതസ്സുകൾ, ജലാശയങ്ങൾ, വൃക്ഷലതാദികൾ തുടങ്ങിയവ സംരക്ഷിക്കുന്നതിലൂടെ നമുക്കു കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ നേരിടാൻ കഴിയും. എന്നാൽ, നാമിന്നു ചെയ്യുന്നത് അതിനു നേരേ വിപരീതമായ പ്രവൃത്തികളാണ്. എന്തെങ്കിലും കാരണം പറഞ്ഞ് മരങ്ങൾ മുറിച്ചുമാറ്റാൻ എന്തുത്സാഹമാണ് നമുക്ക്! അതുപോലെ വികസനത്തിന്റെ പേരിൽ നടത്തുന്ന അതിക്രമങ്ങൾ ഓരോന്നും കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്നു. ഇങ്ങനെ തുടർന്നാൽ വരുംതലമുറകൾക്ക് ഈ ഭൂമിയിൽ ജീവിക്കാനാവാത്ത സാഹചര്യമാണു വരുക.

മരങ്ങൾ വെട്ടിമുറിക്കുന്നതു മാത്രമല്ല പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതിലൂടെയും രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗത്തിലൂടെയും കൽക്കരി, പെട്രോൾ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിലൂടെയും ഹരിതഗൃഹവാതകമായ കാർബൺഡൈഓക്സൈഡിന്റെ അളവ് വർധിപ്പിച്ച് നാം കാലാവസ്ഥാവ്യതിയാനത്തിന്റെ ആക്കം കൂട്ടുന്നു. ഇതെല്ലാം നിയന്ത്രണവിധേയമാക്കാൻ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

ഇനിയെന്നാണ് നാം പ്രകൃതിയോടു ചെയ്യുന്ന ക്രൂരതകൾക്ക് അറുതിവരുത്തുന്നത്? കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രവൃത്തികളിലും ചിന്താഗതികളിലും മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന ഈ ഭൗമസമ്പത്ത് നമുക്കുവേണ്ടി മാത്രമല്ല വരുംതലമുറകൾക്കുവേണ്ടിക്കൂടിയാണെന്നുള്ള സത്യം തിരിച്ചറിഞ്ഞ് കാലാവസ്ഥാവ്യതിയാനം തടയാനായി നമുക്കു കൈകൾ കോർക്കാം. ■

## DEEPANALAM WINNERS SPACE gk

ഈ ലക്കം മുതൽ ദീപനാളം പ്രതിഭയിൽ കുട്ടികൾക്കായി ക്വിസ് മത്സരം ആരംഭിക്കുന്നു.

സമ്മാനം ആയിരം രൂപ

NAIPUNNYA INTERNATIONAL

1. ഐക്യരാഷ്ട്രസംഘടനയുടെ പുതിയ കണക്കനുസരിച്ച് ലോകജനസംഖ്യ എത്രകോടി പിന്നിട്ടു?
   ഉത്തരം : ........................
2. തുടർച്ചയായി കൂടുതൽക്കാലം കേരളം ഭരിച്ച മുഖ്യമന്ത്രി ആര്?
   ഉത്തരം : ........................
3. 2023 ലെ ജി-20 ഉച്ചകോടിയിൽ അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്ന രാജ്യം?
   ഉത്തരം : ........................
4. ഭീകരതയ്ക്കെതിരേ അന്താരാഷ്ട്രതലത്തിൽ നടക്കുന്ന മന്ത്രിമാരുടെ പ്രഥമസമ്മേളനം എവിടെയായിരുന്നു?
   ഉത്തരം : ........................
5. 'ഭീകരതയ്ക്കു പണമില്ല' എന്ന ശീർഷകത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്ത അന്താരാഷ്ട്രസമ്മേളനം ഇന്ത്യയിൽ ഈയിടെ എവിടെയാണു നടന്നത്?
   ഉത്തരം : ........................
6. നവംബർ 20 കുട്ടികളുടെ ലോകദിനമായി യു.എൻ. ആചരിച്ചുതുടങ്ങിയതെന്ന് ?
   ഉത്തരം : ........................
7. നിയുക്തബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ ബോസിനെ 'മാൻ ഓഫ് ഐഡിയാസ്' എന്നു വിശേഷിപ്പിച്ചതാര്?
   ഉത്തരം : ........................
8. ഫിഫ ലോകകപ്പിന്റെ ഉയരം എത്രയെന്നു പറയാമോ?
   ഉത്തരം : ........................
9. സമുദ്രനിരീക്ഷണത്തിന് ഇന്ത്യ വികസിപ്പിച്ച ഓഷ്യൻസാറ്റ് പരമ്പരയിലെ ആദ്യ ഉപഗ്രഹം വിക്ഷേപിച്ചതെന്ന്?
   ഉത്തരം : ........................
10. ഏറ്റവും കൂടുതൽ തവണ ലോകകപ്പ് ജയിച്ച രാജ്യം?
   ഉത്തരം : ........................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്.

അവസാനതീയതി 2022 ഡിസംബർ 20.

പേര് : ..............................................

മേൽവിലാസം : ..............................................

..............................................

ഫോൺ നമ്പർ : ..............................................

